## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *9

02.03.2020 ൽ മറുപടിക്ക്

# എസ്.എ.പി ബറ്റാലിയനിലെ കാട്രിഡ്ജുകളുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. അബ്ദുൽ ഹമീദ് .പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ 12061 പ്രവർത്തനക്ഷമമായ കാട്രിഡ്ജുകൾ കുറവുള്ളതായി സി & എ.ജി.യുടെ പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; | എ) കാട്രിഡ്ജുകളുടെ എണ്ണത്തിൽ കുറവുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പരിശോധനയ്ക്ക് മുൻപുതന്നെ ഈ കുറവ് പോലീസ് കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | ബി) G4/14812/2016/APB നമ്പർ നടപടിക്രമം പ്രകാരം 18.10.2016 ലെ എ.പി. ബറ്റാലിയൻ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ ഉത്തരവ് പ്രകാരം ശ്രീ.കെ.ബി. സന്തോഷ്, കമാണ്ടന്റ്, എസ്.ഐ.എസ്.എഫ്.ന്റെ നേതൃത്വത്തിൽ 4 പേരടങ്ങുന്ന ഒരു ബോർഡ് രൂപീകരിച്ച് നഷ്ടപ്പെട്ട തിരകളെ സംബന്ധിച്ച് ഒരു സമഗ്ര പരിശോധന നടത്തി. പരിശോധനയിൽ തിരകളുടെ കുറവുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തുവാനും ഉത്തരവാദികളെ കണ്ടെത്തുവാനും ഉത്തരവായി. കുറ്റാരോപിതരായ 11 പേർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചു വരുന്നു. |

സി) 250 എണ്ണം 9 എം.എം. ഡ്രിൽ കാട്രിഡ്ജുകളുടെ കുറവിനു പകരം കൃത്രിമ കാട്രിഡ്ജുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ?

സി) വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു.

ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനു പകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ എസ്.എ.പി. ബറ്റാലിയനിൽ 07/2013 മുതൽ 01/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവിൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26.02.2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ